ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മലപ്പുറം ജില്ലയിൽ രണ്ട് പുതിയ ഐ.ടി.ഐ. കൾ ആരംഭിച്ചിട്ടുണ്ട്. മാറഞ്ചേരി, പുഴക്കാട്ടിരി എന്നീ സ്ഥലങ്ങളിലാണ് ആരംഭിച്ചിട്ടുള്ളത്. ഈ സാമ്പത്തിക വർഷം ആരംഭിക്കാൻ ഉദ്ദേശിക്കുന്ന ഐ.ടി.ഐ.-കളുടെ കൂട്ടത്തിൽ മലപ്പുറം ജില്ലയിലെ ചെറിയമുണ്ടവും ഉൾപ്പെടുന്നു. ഐ.ടി.ഐ. ആരംഭിക്കുന്നതിനാവശ്യമായ സ്ഥലം, കെട്ടിടം മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനം സൗജന്യമായി ലഭ്യമാക്കുന്ന സ്ഥലങ്ങളിൽ സാങ്കേതിക വിദ്യാഭ്യാസത്തിന്റെ അപര്യാപ്തത പരിശോധിച്ച് ഫണ്ടിന്റെ ലഭ്യതയനുസരിച്ചാണ് പുതിയ ഐ.ടി.ഐ.-കൾ അനുവദിക്കുന്നത്. മലപ്പുറം മണ്ഡലത്തിൽ നിന്നും ഇത്തരം അപേക്ഷകൾ ഒന്നും ലഭിച്ചിട്ടില്ല.

ഗസ്റ്റ് ലക്ചറർമാരുടെ വേതനം

68 (5473) ശ്രീ. എം. പ്രകാശൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗവൺമെന്റ് ഐ.ടി.ഐ.കളിൽ ജോലി ചെയ്യുന്ന ഗസ്റ്റ് ലക്ചറർമാർക്ക് ഇപ്പോൾ അനുവദിക്കുന്ന വേതനം എത്രയാണ് ;

(ബി) ഈ വേതനം വർദ്ധിപ്പിക്കണമെന്ന ആവശ്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഈ കാര്യത്തിൽ അനുകൂല്യമായ തീരുമാനം കൈക്കൊള്ളാൻ സർക്കാർ സന്നദ്ധമാകുമോ ?

ഉത്തരം

(എ) ഐ.ടി.ഐ.കളിൽ പാർട്ട്ടൈം ഗസ്റ്റ് ഇൻസ്ട്രക്ടർമാരായി നിയമിക്കപ്പെടുന്നവർക്ക് മണിക്കൂറിന് 100 രൂപാ നിരക്കിൽ പ്രതിമാസം പരമാവധി 5000 രൂപ വേതനമായി നൽകുന്നു. മികവിന്റെ കേന്ദ്രങ്ങളായി തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള ഐ.ടി.ഐ.കളിലെ സി.ഒ.ഇ.ലോഡ്യൂളുകളിൽ നിയമിക്കപ്പെടുന്ന ഗസ്റ്റ് ഫാക്കൽറ്റിക്ക് മണിക്കൂറിന് 100 രൂപാ നിരക്കിൽ പ്രതിമാസം പരമാവധി 6000 രൂപയും വേതനമായി നൽകുന്നു.

(ബി) ഉണ്ട്.

(സി) ഗവൺമെന്റ് ഐ.ടി.ഐ.-കളിൽ ഒഴിവുള്ള തസ്തികകളിൽ കരാർ അടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്ന ഗസ്റ്റ് ഫാക്കൽറ്റിക്ക്, റഗുലറായി നിയമിക്കപ്പെടുന്ന ഇൻസ്ട്രക്ടർക്ക് നൽകുന്ന ശമ്പളത്തിന് തുല്യമായ തുക കൺസോളിഡേറ്റഡ് മന്തിലി സാലറി അനുവദിക്കണമെന്നുള്ള ശുപാർശ പരിശോധിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly